(ബി) പ്രസ്തുത കാലയളവിൽ ഏതൊക്കെ പ്ലാന്റേഷനുകളിലെ എത്ര തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(സി) കെടുതിയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് സൗജന്യ റേഷൻ നൽകുവാനുള്ള ഒരു സ്ഥിരം സംവിധാനമുണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ നാല് സാമ്പത്തിക വർഷക്കാലത്ത് പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകിയ വകയിൽ 2,29,64,754 രൂപ ചെലവായി.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ദുരിതമനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക്, യഥാസമയങ്ങളിൽ സർക്കാർ തീരുമാനപ്രകാരം, സൗജന്യ റേഷൻ നൽകുവാനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

സുനാമി ദുരിതബാധിതർക്ക് സൗജന്യ റേഷൻ

76 [394] ശ്രീ. കെ. നാരായണക്കുറുപ്പ്:

" റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരിത ബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) റേഷൻ കാർഡ് നഷ്ടപ്പെട്ട തീരദേശവാസികൾക്ക് ഡ്യൂപ്ലിക്കേറ്റ് കാർഡ് ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി ഏത് ഘട്ടം വരെയായി;

(സി) അർഹരായ എല്ലാവർക്കും കാർഡ് ലഭ്യമാക്കുന്നത് ഉറപ്പുവരുത്താൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ഡി) ഡ്യൂപ്ലിക്കേറ്റ് കാർഡ് വിതരണം എന്നത്തേക്ക് പൂർത്തീകരിക്കാനാവും എന്നാണ് കരുതുന്നത്?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സുനാമി ദുരിതബാധിതർക്ക് സൗജന്യ റേഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

8-1-2005-ൽ	അവസാനിച്ച ആഴ്ചയിൽ	294,573	കുടുംബങ്ങൾക്കും
15-1-2005-ൽ	,,	328,827	,,
22-1-2005-ൽ	,,	358,642	,,

23-1-2005 മുതൽ 26-1-2005 വരെ 135,370 കുടുംബങ്ങൾക്കും ആഴ്ചതോറും കാർഡ് ഒന്നിന് 5 കിലോഗ്രാം അരി വീതം സൗജന്യമായി വിതരണം നടത്തുകയുണ്ടായി.

(ബി) ഡ്യൂപ്ലിക്കേറ്റ് കാർഡിനായി 1571 അപേക്ഷകൾ ലഭിച്ചു. എല്ലാവർക്കും കാർഡുകൾ വിതരണം ചെയ്തു.

(സി) ഉണ്ട്.

(ഡി) അപേക്ഷിച്ച മുഴുവൻ പേർക്കും കാർഡ് വിതരണം ചെയ്തിട്ടുണ്ട്.

കൺവീനിയൻസ് സ്റ്റോർ

77 [395] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ വിൽക്കുന്നതിനുവേണ്ടി പുതിയതായി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന "കൺവീനിയൻസ് സ്റ്റോർ" അനുവദിക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റോറുകളിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്ന നിത്യോപയോഗ സാധനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) റേഷൻ കടകൾ "കൺവീനിയൻസ് സ്റ്റോഴ്സ്" ആയി അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ചെറുപയർ, ഉഴുന്നുപൊളി, ഉഴുന്ന്, കടല വലുത്, കടല ചെറുത്, വൻപയർ, പീസ് പരിപ്പ്, തുവരപ്പരിപ്പ്, കടുക്, മുളക്, മല്ലി, ജീരകം, ഉലുവ എന്നീ 13 ഇനം മാവേലി സാധനങ്ങളും സപ്ലൈകോയുടെ ശബരി ബ്രാൻഡ് ഉൽപ്പന്നങ്ങളും മറ്റ് ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ സാധനങ്ങളും പ്രസ്തുത സ്റ്റോറുകളിലൂടെ വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly